പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3039 10.05.2017- ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ ഭാഗമായുള്ള ആംബുലൻസുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |
| (എ) കേരള മെഡിക്കൽ സർവ്വീസ് പ്രോജക്ടിന്റെ ഭാഗമായുള്ള ആംബുലൻസുകൾ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് പ്രവർത്തിച്ച് വരുന്നത്; വ്യക്തമാക്കാമോ; | (എ) | കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രൊജക്ടിന്റെ ഭാഗമായി ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് 108 ആംബുലൻസ് സർവ്വീസ് പ്രവർത്തിച്ചു വരുന്നത്. ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസും തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) പ്രസ്തുത സേവനത്തിന്റെ നടത്തിപ്പ് ഇപ്പോൾ എങ്ങനെയാണ്; വിശദമാക്കുമോ; | (ബി) | 5.07.2015 വരെ പ്രസ്തുത പദ്ധതി ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി) മോഡലിലാണ് നടത്തി വന്നത്. 15.07.2015 ന് ശേഷം കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷനെ ഈ പ്രൊജക്ടിന്റെ മാനേജിംഗ് ഏജൻസിയായി നിയമിക്കുകയും തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ജില്ലാ ആരോഗ്യ കുടുബക്ഷേമ സൊസൈറ്റിയുടെ സഹായത്തോടു കൂടി പദ്ധതി നടത്തി വരികയും ചെയ്യുന്നു. പദ്ധതിയുടെ കൺട്രോൾ റൂമും അതിലെ ജീവനക്കാരും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലും വാഹനങ്ങളും ജീവനക്കാരും അതാത് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ ആരോഗ്യ കുടുബക്ഷേമ സൊസൈറ്റിയുടെ കീഴിലും പ്രവർത്തിച്ചു വരുന്നു. |
| **(സി)** കെ.ഇ.എം.പി സർവ്വീസിനു വേണ്ടി 2015 മുതൽ നാളിതുവരെയായി ഓരോ ജില്ലക്കുമായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 2009 ൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ ഒരു പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃകയിലാണ് പ്രസ്തുത പ്രൊജക്ട് ആരംഭിക്കുന്നത്. പദ്ധതിയുടെ 100% മൂലധന നിക്ഷേപവും പ്രവർത്തന ചിലവുകൾക്കായി ഒന്നാം കൊല്ലം 60% വും |

രണ്ടാം കൊല്ലം 40% വും മൂന്നാം കൊല്ലം മുതൽ 20% വീതവും കേന്ദ്ര സർക്കാരാണ് നൽകിവരുന്നത്. പ്രവർത്തന ചിലവുകൾക്കായുള്ള ആദ്യ കൊല്ലത്തെ 40%, രണ്ടാം കൊല്ലത്തെ 60%, മൂന്നാം കൊല്ലം മുതൽ 80% എന്നിങ്ങനെ പ്രൊജക്ടിന്റെ പ്രവർത്തന ചെലവുകൾ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2015 ജൂലൈ 16 മുതൽ പ്രസ്തുത പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഏജൻസിയായി നടത്തി വരുന്നു. 2015 ജൂലൈ 16ന് ശേഷം തിരുവനന്തപുരം ജില്ലയുടെ ഭാഗീക പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും ആലപ്പുഴ ജില്ലയിലെ ഭാഗീക പ്രവർത്തനങ്ങൾക്കായി 1.98 കോടി രൂപയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റികൾക്കായി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) ടി ആംബുലൻസ് സർവ്വീസുകൾ മറ്റ് ജില്ലകളിലേക്ക് കൂടി അടിയന്തരമായി വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ഡി) & (ഇ) | നിലവിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ മാത്രമുള്ള പദ്ധതി അഗ്രഗേറ്റർ മാതൃകയിൽ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി വിശദമായ ഒരു പദ്ധതി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) ഇല്ലെങ്കിൽ മറ്റ് ജില്ലകളിലേക്ക് കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ